പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2765 **20/06/2013-ൽ മറുപടിയ്ക്ക്**

<u>കായംകുളം താലൂക്ക് രൂപീകരണം</u>

| **ചോദ്യം**<br>ശ്രീ. സി.കെ.സദാശിവൻ | **ഉത്തരം**<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|
| (എ) ഏകദേശം 50 വർഷത്തോളമായുള്ള കായംകുളം താലൂക്ക് എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ബാബുപോൾ, എം. ജി.കെ.മൂർത്തി കമ്മീഷനുകൾ നടത്തിയ പഠനത്തിൽ കായംകുളം താലൂക്ക് ശുപാർശ ചെയ്തിട്ടുണ്ടോ; | (എ) & (ബി) ഉണ്ട്. |
| (സി) എങ്കിൽ പുതിയ താലൂക്കുകളുടെ രൂപീകരണത്തിൽ കായംകുളത്തെ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;<br>(ഡി) കായംകുളം സിവിൽ സ്റ്റേഷനിൽ താലൂക്കിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ള സാഹചര്യത്തിൽ കായംകുളം താലൂക്ക് രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) & (ഡി) പുതിയ താലൂക്കുകൾ നിർണ്ണയിച്ചതും പ്രഖ്യാപിച്ചതും ഏതെങ്കിലും കമ്മീഷൻ റിപ്പോർട്ടുകൾ അംഗീകരിച്ചു കൊണ്ടോ നിരാകരിച്ചു കൊണ്ടോ അല്ല. നിയമസഭാ മണ്ഡലങ്ങൾ പുന:സംഘടിപ്പിക്കപ്പെട്ടതിനെ തുടർന്നുണ്ടായ സാഹചര്യങ്ങളും ഭരണ പരമായ സൗകര്യങ്ങളും കണക്കിലെടുത്താണ് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ഇപ്പോൾ തീരുമാനം എടുത്തിട്ടുള്ളത്. പുതിയതായി ഏതെങ്കിലും താലൂക്കുകൾ പ്രഖ്യാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ